## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*62. 30.11.2018 ൽ മറുപടിയ്ക്ക്

### മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കുറയ്ക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.പി.കെ.ബഷീർ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ട് മാത്രം ഉപഭോഗം കുറയില്ല. അതേസമയം ആവശ്യകത ഇല്ലാതാക്കിയാൽ മാത്രമേ ഉപഭോഗം കുറയുകയുള്ളൂ. ആവശ്യകത നിലനിൽക്കുന്നിടത്തോളം അംഗീകൃത മദ്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ അനധികൃതമദ്യത്തിന്റെ വ്യാപനത്തിനു ഇടവരുമെന്നുമുള്ള യാഥാർത്ഥ്യബോധത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഗവൺമെന്റ് മദ്യനയം രൂപവൽക്കരിച്ച് നടപ്പിലാക്കിവരുന്നത്. ആയതിനനുസൃതമായി മേൽ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് താഴെ പരാമർശിച്ചിരിക്കുന്ന നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.<br>1. മദ്യവർജനത്തിലൂടെ ലഹരിയുടെ ഉപയോഗം ശാശ്വതമായി ഇല്ലാതാക്കുന്നതിന് വ്യാപകമായ ബോധവൽക്കരണം നടത്തുന്നതിലേക്കായി 'വിമുക്തി' ലഹരിവർജ്ജനമിഷൻ സ്ഥാപിക്കുകയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ് എന്നിവയുടെ സഹകരണത്തോടെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ജില്ല, താലൂക്ക്, പഞ്ചായത്ത്, വാർഡ് തലത്തിലേക്ക് ടി മിഷന്റെ പ്രവർത്തനം വ്യാപിപ്പിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 2 ലഹരിക്ക് അടിമപ്പെട്ടവരെ ആയതിൽ നിന്ന് മുക്തമാക്കുവാൻ എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പുമായി ചേർന്ന് ഡീ-അഡിക്ഷൻ സെൻററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>3. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനായി പുതിയ വിദേശമദ്യചില്ലറ വില്പനശാലകൾ ആരംഭിക്കുന്നില്ലാ യെന്ന തീരുമാനം നടപ്പാക്കിവരുന്നു.<br>4. അനധികൃത മദ്യ വിപണനവും ലഹരിവസ്തുക്കളുടെ വ്യാപനവും ഇല്ലാതാക്കുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.<br>5. ബാറുകളുടെ പ്രവർത്തന സമയം കുറയ്ക്കുകയും മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായം 23 വയസ്സായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഡിസ്റ്റിലറികളും ബ്രൂവറികളും അനുവദിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ; | (ബി) യും (സി) യും | നിലവിലില്ല. അബ്കാരി ആക്ടിലെ സെക്ഷൻ 14(എ), 1967 ലെ ബ്രൂവറികളിലെ റൂൾ 2, 3 എന്നീ റൂളുകൾ, 1975-ലെ കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് റൂളിലെ റൂൾ 3(1) 4(1) എന്നീ റൂളുകൾ പ്രകാരമാണ് 2018 ൽ ബ്രൂവറികൾ, കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾ അനുവദിച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡിസ്റ്റിലറികൾ ക്കൊന്നും അനുമതി നൽകിയിട്ടില്ല. സർക്കാർ അധീനതയിലുള്ള പാലക്കാട് ചിറ്റൂരിലെ മലബാർ ഡിസ്റ്റിലറീസിനും, തൃശ്ശൂരിൽ ശ്രീചക്ര ഡിസ്റ്റിലറീസിനും വിദേശമദ്യ കോമ്പൗണ്ടിംഗ് ബ്ലെൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ അപ്പോളോ ഡിസ്റ്റിലറീസ് & ബ്രൂവറീസിന് പാലക്കാട് എലപ്പുള്ളിയിലും, M/s ശ്രീധരൻ ബ്രൂവറിക്ക്, കണ്ണൂർ വാരത്തും, പവർ ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡിന് എറണാകുളത്തും ബ്രൂവറികൾ |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ഡിസ്റ്റിലറികളും ബ്രൂവറികളും തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | | |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക അനുമതി നൽകിയിരുന്നു. ഈ അനുമതികളെല്ലാം 09.10.2018-ലെ സ.ഉ(സാധാ)നം.744/2018/നി.വ. പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. കൂടാതെ മദ്യ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കുന്നതിന് കാലാനുസൃതമായി മാനദണ്ഡങ്ങൾ ശുപാർശ ചെയ്യുന്നതിന് ഉന്നതതല സമിതി രൂപവത്കരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ